**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ ലഹരി മാഫിയക്കെതിരെയുള്ള ചെറുത്ത് നിൽപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ സംഘങ്ങളെ ചെറുക്കുന്നതിനും ലഹരി വിമുക്തമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) | വിദ്യാലയങ്ങളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനു വേണ്ടി സ്കൂൾ/കോളേജ് പരിസരത്തെ കടകളിൽ പരിശോധന നടത്തി ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ലഹരി മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് എക്സൈസ് വകുപ്പ് സംയുക്ത പരിശോധനകൾ നടത്തുകയും, സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.<br><br>സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എക്സൈസ് ഉദ്യോഗസ്ഥർ വിദ്യാലയങ്ങൾ സന്ദർശിക്കുകയും, ഉപയോഗ ശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന ഇടങ്ങൾ എന്നിവ കണ്ടെത്തി സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് ഒരു മണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനു ശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്റ്റി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തുകയും, മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും, പുകയില, മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസിലിംഗ്/ഡി അഡിക്ഷൻ ചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്തു വരുന്നു. സ്കൂൾ പരിസരത്തെ കടകളിലും സ്ഥാപനങ്ങളിലും | |

പരിചയമില്ലാത്തതും, സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നല്കിയിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിയുടെ കടന്നു കയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടെ വിമുക്തിമിഷൻ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം', കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻനിർത്തി 'ഉണർവ്വ്', 'ടീം വിമുക്തി സ്പോർട്സ് ടീം' എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിലെ കുട്ടികൾക്കായി ജീവിത നൈപുണികളെ അടിസ്ഥാനമാക്കി "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുന്നതിനായി “കരുതൽ" എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി “കവചം" എന്ന പേരിലും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി “തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിലും കൈപ്പുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജുഡിഷ്യൽ കൊളോക്യം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യ നീതി, പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തുകയും, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുകയും, കുട്ടികൾക്കാവശ്യമായ

| | | | |
|---|---|---|---|
| | | | ബോധവൽക്കരണം, ചികിത്സ എന്നിവ നൽകുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br><br>സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും എം.എസ്.ഡബ്ലിയു. എന്നീ യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിദ്യാലയങ്ങളിലും വീട്ടുകളിലും ചെന്ന് കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്കൂളുകളിലും, കോളജ് ക്യാംപസുകളിലും ലഹരി വസ്തുക്കൾ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആയതിന്റെ വിശദാംശം വർഷം, ജില്ല എന്നിവ തിരിച്ച് നൽകാമോ? | (ബി) | കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് സ്കൂളുകൾ/ സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഹരി വില്പന നടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് കോളേജുകൾ/കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഹരി വില്പന നടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| **പത്തനംതിട്ട** | | |
| 21.05.21 മുതൽ 31.12.2021 വരെ | COTPA - 1 | 0 |
| 2022 | 0 | 0 |
| 2023 | 0 | 0 |
| 2024 | 0 | 0 |
| 2025 (ആഗസ്റ്റ് വരെ) | 0 | 0 |
| **കോട്ടയം** | | |
| 21.05.21 മുതൽ 31.12.2021 വരെ | NDPS- 2 | 0 |
| 2022 | 0 | 0 |
| 2023 | 0 | 0 |
| 2024 | 0 | NDPS- 1 |
| 2025 (ആഗസ്റ്റ് വരെ) | NDPS- 3 | 0 |
| **ഇടുക്കി** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |
| 2022 | 0 | 0 |
| 2023 | 0 | 0 |
| 2024 | NDPS -1 | 0 |
| 2025 (ആഗസ്റ്റ് വരെ) | COTPA-1 | 0 |
| **എറണാകുളം** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |

| | | |
|---|---|---|
| 2022 | NDPS -1 | NDPS -1 |
| 2023 | 0 | 0 |
| 2024 | NDPS -2 | NDPS -1 |
| 2025 (ആഗസ്റ്റ് വരെ) | NDPS -5 | NDPS -8 |
| **തൃശ്ശൂർ** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |
| 2022 | 0 | 0 |
| 2023 | COTPA - 1 | COTPA - 1 |
| 2024 | COTPA - 2 | 0 |
| 2025 (ആഗസ്റ്റ് വരെ) | COTPA - 2 | 0 |
| **പാലക്കാട്** | | |
| 21.05.21 മുതൽ 31.12.2021 വരെ | COTPA -2 | COTPA -2 |
| 2022 | COTPA -5 NDPS-1 | COTPA -1 |
| 2023 | COTPA -12 | COTPA -2 |
| 2024 | COTPA -17 | COTPA -4 |
| 2025 (ആഗസ്റ്റ് വരെ) | COTPA -13 | COTPA -1 |
| **മലപ്പുറം** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |
| 2022 | 0 | 0 |
| 2023 | 0 | 0 |
| 2024 | 0 | 0 |
| 2025 (ആഗസ്റ്റ് വരെ) | NDPS-1 | 0 |
| **കോഴിക്കോട്** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |
| 2022 | 0 | 0 |
| 2023 | COTPA -11, NDPS-3 | 0 |
| 2024 | COTPA -16, | 0 |
| 2025 (ആഗസ്റ്റ് വരെ) | COTPA -4, NDPS-1 | 0 |

| | | |
|---|---|---|
| **കണ്ണൂർ** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |
| 2022 | 0 | 0 |
| 2023 | 0 | 0 |
| 2024 | COTPA-53 | 0 |
| 2025 (ആഗസ്റ്റ് വരെ) | COTPA-12 | 0 |
| **കാസർഗോഡ്** | | |
| 21.05.21 മുതൽ 31.12.2021 വരെ | 0 | 0 |
| 2022 | 0 | 0 |
| 2023 | 0 | 0 |
| 2024 | 0 | 0 |
| 2025 (ആഗസ്റ്റ് വരെ) | COTPA -2 | 0 |

മറ്റ് ജില്ലകളിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**